# കേരള സർവകലാശാല

നം.പി.ആർ.212/2018 ഫോൺ : 2305994

## പത്രക്കുറിപ്പ്

### പി.എച്ച്.ഡി നൽകി

സുഗിൻ ജി.എസ് (ഹിന്ദി), തോമസ് ഗ്രേസ്, റൂബിന സോണിയ എസ്.ആർ (എഡ്യൂക്കേഷൻ), അശ്വനി എസ്.പി, അനിൽ കുമാർ എം, മഹിതി ഷെയ്ക്കി (കൊമേഴ്സ്), നാഗലക്ഷ്മി എൻ.ബി, അശ്വതി ജെ.എസ്, രമ്യ ആർ, മിനി എസ് (മലയാളം), റാണി ജോർജ് (ലോ), ലേഖ റാണി എം.എൽ, അനീഷ് വി.ഡി, അനിസിയ ജയപാലൻ (ഹിസ്റ്ററി), അമ്പിളി എസ് (ഫിലോസഫി), രേഖ ശ്രീ കെ.ആർ (സോഷ്യോളജി), ഷൈല എസ് (റഷ്യൻ), ഭാഗ്യ ഉത്തമൻ, ശരത്ത് ചന്ദ്രൻ പി.പി (ഫിസിക്സ്), ആശ പി.എസ് (സ്റ്റാറ്റിസ്റ്റിക്സ്), ഗീതു ജി (സുവോളജി), ഷീജ വർഗ്ഗീസ്, അനുപ്രിയ എം.ജി (ബയോടെക്നോളജി)

### പരീക്ഷ

രണ്ടാം സെമസ്റ്റർ ബിരുദാനന്തര ബിരുദ പരീക്ഷകൾ ഒക്ടോബർ 15 മുതൽ ആരംഭിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

2018 ഒക്ടോബറിൽ ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എം.ആർക്ക്/എം.പ്ലാനിംഗ് (2013 സ്കീം) സപ്ലിമെന്ററി പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. പരീക്ഷയ്ക്ക് പിഴ കൂടാതെ ഒക്ടോബർ 4 വരെയും 50 രൂപ പിഴയോടെ ഒക്ടോബർ 8 വരെയും 125 രൂപ പിഴയോടെ ഒക്ടോബർ 10 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2018 ഒക്ടോബർ 22 ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഇൻ ഇംഗ്ലീഷ് ലാംഗേജ് ആന്റ് ലിറ്ററേച്ചർ (ഗവ.കോളേജ് ഫോർ വിമെൻ) പരീക്ഷയ്ക്ക് പിഴ കൂടാതെ ഒക്ടോബർ 3 വരെയും 50 രൂപ പിഴയോടെ ഒക്ടോബർ 5 വരെയും 125 രൂപ പിഴയോടെ ഒക്ടോബർ 8 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2018 ഒക്ടോബർ 29 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.എഫ്.എ (പെയിന്റിംഗ് & സ്കൽപ്പ്ച്ചർ) പരീക്ഷയ്ക്ക് പിഴ കൂടാതെ ഒക്ടോബർ 3 വരെയും 50 രൂപ പിഴയോടെ ഒക്ടോബർ 5 വരെയും 125 രൂപ പിഴയോടെ ഒക്ടോബർ 8 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പെൻഷൻകാർക്ക് സമ്മതപത്രം നൽകാം

പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകാൻ താല്പര്യമുള്ള സർവകലാശാല പെൻഷൻകാർക്ക് തുക പരമാവധി പത്ത് ഗഡുക്കളായി പ്രതിമാസ പെൻഷനിൽ നിന്നും ഈടാക്കി ദുരിതാശ്വാസ നിധിയിലേയ്ക്ക് കൈമാറുന്നതിനുള്ള സമ്മതപത്രം പെൻഷൻ സെക്ഷനിൽ നൽകാവുന്നതാണ്.

## വിദൂര വിദ്യാഭ്യാസം യു.ജി/പി.ജി
## അഡ്മിഷൻ ഒക്ടോബർ 1 വരെ

വിദൂര വിദ്യാഭ്യാസ വിഭാഗം 2018 – 2019 അദ്ധ്യയന വർഷത്തേയ്ക്കുള്ള യു.ജി/പി.ജി ഓൺലൈൻ അഡ്മിഷൻ ഒക്ടോബർ 1, 5 മണി വരെ മാത്രമായിരിക്കും. അനുബന്ധ രേഖകൾ ഒക്ടോബർ 15 വരെ സ്വീകരിക്കുന്നതാണ്. സെപ്റ്റംബർ 30 എസ്.ഡി.ഇ പ്രവൃത്തി ദിവസമായിരിക്കും.

## തീയതി നീട്ടി

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം സംഘടിപ്പിക്കുന്ന സർട്ടിഫിക്കറ്റ് ഇൻ യോഗ ആന്റ് മെഡിറ്റേഷൻ (മോർണിംഗ് ബാച്ച്) കോഴ്സിന് ഒക്ടോബർ 5 വരെ അപേക്ഷിക്കാം. യോഗ്യത: പ്ലസ്ടു/പ്രീഡിഗ്രി, കോഴ്സ് കാലാവധി: 3 മാസം. അപേക്ഷാഫോമിനും വിശദവിവരങ്ങൾക്കും പി.എം.ജി ജംഗ്ഷനിലെ CACEE കേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ: 0471 – 23021523.

## പി.ജി പ്രവേശനം 2018 – 2019

2018 – 2019 അദ്ധ്യയന വർഷത്തെ പി.ജി പ്രവേശനത്തിനുള്ള ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചു. ആപ്ലിക്കേഷൻ നമ്പരും പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് അപേക്ഷകർ തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കേണ്ടതാണ്. അലോട്ട്മെന്റ് വഭിച്ച അപേക്ഷകർ അഡ്മിഷൻ ഫീസ് ഓൺലൈനായോ അല്ലെങ്കിൽ ചലാൻ പ്രിന്റൗട്ട് എടുത്ത് എസ്.ബി.ഐയുടെ ഏതെങ്കിലും ശാഖയിലോ അടയ്ക്കണം. അഡ്മിഷൻ ഫീസ് ജനറൽ വിഭാഗത്തിന് 900 രൂപയും എസ്.സി/എസ്.ടി/ഒ.ഇ.സി വിഭാഗത്തിന് 340 രൂപയും ആണ്. ഒന്ന്, രണ്ട് അലോട്ട്മെന്റുകളിൽ പ്രവേശനം ലഭിച്ച് അഡ്മിഷൻ ഫീസ് ഒടുക്കിയവർ വീണ്ടും അഡ്മിഷൻ ഫീസ് അടയ്ക്കേണ്ടതില്ല.

അഡ്മിഷൻ ഫീസ് ഒടുക്കിയ അപേക്ഷകർ ഫീസടച്ചതിന്റെ വിവരം വെബ്സൈറ്റിൽ നൽകിയ ശേഷം അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി, അഡ്മിഷൻ എടുക്കേണ്ട തീയതി എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ ഉണ്ടായിരിക്കും. 2018 സെപ്റ്റംബർ 27, 28 തീയതികളിലാണ് കോളേജുകളിൽ അഡ്മിഷൻ എടുക്കേണ്ടത്. യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം (കൂടുതൽ വിവരങ്ങൾക്ക് അലോട്ട്മെന്റ് മെമ്മോ കാണുക) മെമ്മോയിൽ പ്രസ്താവിച്ചിരിക്കുന്ന ദിവസം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് അതത് കോളേജുകളിൽ അഡ്മിഷൻ എടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാകുന്നതും അവരെ യാതൊരു കാരണവശാലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതുമല്ല. രണ്ടാം അലോട്ട്മെന്റിനുശേഷം കോളേജുകളിൽ അഡ്മിഷൻ നേടിയവർക്ക് ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രകാരം തങ്ങളുടെ ഹയർ ഓപ്ഷനുകളിലേതിലെങ്കിലും പുതിയ അലോട്ട്മെന്റ്

ലഭിച്ചിട്ടുണ്ടെങ്കിൽ ഇപ്പോൾ പഠിച്ചു കൊണ്ടിരിക്കുന്ന കോളേജിൽ നിന്നും ടി.സി വാങ്ങിയ ശേഷം പുതിയ അലോട്ട്മെന്റ് പ്രകാരമുളള കോളേജിൽ അഡ്മിഷൻ എടുക്കേണ്ടതാണ്.

അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ തങ്ങൾക്ക് ലഭിച്ച സീറ്റിൽ തൃപ്തരല്ലെങ്കിലും തുടർന്നുളള അലോട്ട്മെന്റുകളിൽ പരിഗണിക്കപ്പെടേണ്ടതിനായി അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് അലോട്ട്മെന്റ് ലഭിച്ച കോളേജിൽ അഡ്മിഷൻ എടുക്കേണ്ടതാണ്. അഡ്മിഷൻ എടുത്തവർ ആ സീറ്റിൽ സംതൃപ്തരാണെങ്കിൽ ഒക്ടോബർ 1 ാം തീയതി രാവിലെ പത്ത് മണിക്ക് മുമ്പ് അവരുടെ ഹയർ ഓപ്ഷനുകൾ നീക്കം ചെയ്യേണ്ടതാണ്. നിലനിർത്തപ്പെടുന്ന ഹയർ ഓപ്ഷനുകൾ തുടർന്നു വരുന്ന അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതും പുതിയ അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം ആ സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്.

## എം.ടെക് സ്പോട്ട് അഡ്മിഷൻ

സർവകലാശാലയുടെ ഒപ്റ്റോ ഇലക്ട്രോണിക്സ് പഠന വകുപ്പിൽ നടത്തുന്ന AICTE അംഗീകാരമുളള എം.ടെക് ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ (ഒപ്റ്റോഇലക്ട്രോണിക്സ് & ഒപ്റ്റിക്കൽ കമ്മ്യൂണിക്കേഷൻ) പ്രോഗ്രാമിന് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഒഴിവുളള മൂന്നു സീറ്റുകളിലേക്കും, സ്പോൺസേർഡ് വിദ്യാർത്ഥികളുടെ അഭാവത്തിൽ ജനറൽ വിഭാഗത്തിലേക്കും, മറ്റു സംവരണവിഭാഗങ്ങളിലേക്കും മാറ്റപ്പെടുന്ന അഞ്ചു സീറ്റുകളിലേക്കും സ്പോട്ട് അഡ്മിഷൻ നടത്തുന്നു. താല്പര്യമുളള വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളുമായി സെപ്റ്റംബർ 28 ന് രാവിലെ 10 മണിക്ക് കാര്യവട്ടത്തുളള സർവകലാശാലയുടെ ഒപ്റ്റോഇലക്ട്രോണിക്സ് പഠന വകുപ്പിൽ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2308167 എന്ന നമ്പറിൽ ബന്ധപ്പെടുക.

തിരുവനന്തപുരം.
26.09.2018

പബ്ലിക് റിലേഷൻസ് ഓഫീസർ